**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ല - ചമ്പക്കുളം മൂലം വള്ളംകളി - 2019 - ഗ്രാമ പഞ്ചായത്തുകളുടെയും ജില്ലാ പഞ്ചായത്തിന്റെയും തനത് ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിന് - യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.1728/2019/ത.സ്വ.ഭ.വ .** തിരുവനന്തപുരം, തീയതി: **09/08/2019**

---

പരാമർശം:-1. ചമ്പക്കുളം മൂലം ജലോത്സവ സമിതി ജനറൽ കൺവീനറുടെ (തഹസീൽദാർ, കുട്ടനാട്) 10.05.2019ലെ ബി6-3250/2019/എം.ബി.ആർ നമ്പർ കത്ത്.

2.പഞ്ചായത്ത് ഡയറക്ടറുടെ 26.6.2019ലെ PAN/8227/2019-G1(DP) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2019 ജൂലൈ 15-ാം തീയതി നടക്കുന്ന ചമ്പക്കുളം മൂലം വള്ളംകളിയുടെ നടത്തിപ്പിനായി കുട്ടനാട് താലൂക്കിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിൽ നിന്നും അമ്പലപ്പുഴ താലൂക്കിലെ അമ്പലപ്പുഴ തെക്ക്, അമ്പലപ്പുഴ വടക്ക് എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ആലപ്പുഴ ജില്ലാ പഞ്ചായത്തിൽ നിന്നും 50,000/- രൂപ സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകണമെന്ന് പരാമർശം 1ലെ കത്ത് പ്രകാരം ചമ്പക്കുളം മൂലം ജലോത്സവ സമിതി ജനറൽ കൺവീനർ& തഹസീൽദാർ, കുട്ടനാട് അഭ്യർത്ഥിക്കുകയുണ്ടായി. പരാമർശം 2 ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യം ശുപാർശ ചെയ്തിട്ടുമുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2019 ജൂലൈ 15-ാം തീയതി നടന്ന ചമ്പക്കുളം മൂലം വള്ളംകളിയുടെ നടത്തിപ്പിനായി കുട്ടനാട് താലൂക്കിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിൽ നിന്നും അമ്പലപ്പുഴ താലൂക്കിലെ അമ്പലപ്പുഴ തെക്ക്, അമ്പലപ്പുഴ വടക്ക് എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ആലപ്പുഴ ജില്ലാ പഞ്ചായത്തിൽ നിന്നും 50,000/- (അൻപതിനായിരം രൂപ) വീതം തനത് ഫണ്ടിൽ നിന്നും സംഭാവനയായി നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ചമ്പക്കുളം മൂലം ജലോത്സവ സമിതി ജനറൽ കൺവീനർ (തഹസീൽദാർ, കുട്ടനാട്)സംഭാവന നൽകുന്ന ഗ്രാമപഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും ആഡിറ്റ് ചെയ്ത വരവ് ചെലവ് കണക്കുകളുടെ അടിസ്ഥാനത്തിൽ ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ മുഖാന്തരം)

**File No.LSGD-FM2/79/2019-LSGD**

പ്രസിഡന്റ്/സെക്രട്ടറി, ആലപ്പുഴ ജില്ലാ പഞ്ചായത്ത്

ജനറൽ കൺവീനർ & തഹസീൽദാർ, കുട്ടനാട്, ആലപ്പുഴ

ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എൽ.ബി.എ.&എ ), കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.